I ഇ.ബി. XIV-കേരള നിയമസഭ /XIV-9

**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ഫെബ്രുവരി 07, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I **വ്യക്തിപരമായ വിശദീകരണം**

ഉത്തരത്തിലെ അവ്യക്തത

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഇന്നലെ സഭയിൽ അവതരിപ്പിച്ച 152-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരത്തിൽ ചില അവ്യക്തതകളുണ്ടായിരുന്നു. മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് പ്രകാരം

2014-ന് മുൻപ് അട്ടപ്പാടിയിൽ മരണപ്പെട്ട 38 കുട്ടികളുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം കൊടുത്തു. അതിനുശേഷം മരിച്ച കുട്ടികളുടെ കുടുംബങ്ങൾക്കും തുക കൊടുക്കണമെന്ന കളക്ടറുടെ നിർദ്ദേശപ്രകാരം 2017-ൽ 27 ലക്ഷം രൂപ കൂടി കൊടുത്തു. 2014 മുതൽ 2017 മെയ് വരെ മരിച്ച കുട്ടികളുടെ എണ്ണം 34 ആയതിനാൽ പ്രസ്തുത തുകയ്ക്കുപുറമെ 2019-ൽ 7 കുട്ടികൾക്ക് 7 ലക്ഷം രൂപ കൂടികൊടുക്കാൻ വീണ്ടും ഉത്തരവിട്ടെങ്കിലും 6 ലക്ഷം രൂപയാണ് അനുവദിച്ചത്. അഡീഷണൽ ആതറൈസേഷന്റെ ഫുട്നോട്ടിലാണ് അട്ടപ്പാടിയിൽ മരിച്ച 34 കുട്ടികൾക്ക് ധനസഹായം എന്ന പരാമർശം വന്നത്. 2017-18-ൽ മരിച്ച 13 കുട്ടികളുടെ വിഷയമാണ് ഞാൻ ഇന്നലെ പറഞ്ഞത്.

**II ക്രമപ്രശ്നം**

പൊതുകടം വർദ്ധിച്ചത് സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): Budget in brief-ൽ Table A(II)-ൽ 2017-18-ലെ സംസ്ഥാനത്തിന്റെ പൊതുകടം മുൻവർഷത്തെക്കാൾ 10 ശതമാനം വർദ്ധിച്ചതായി പറഞ്ഞിട്ടുണ്ടെന്ന പോയിന്റ് ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 'absurd' എന്ന പദം

പ്രയോഗിച്ചത് ഖേദകരമാണ്.

## III അടിയന്തരപ്രമേയം

ദേശീയപാത 66-ന്റെ സ്ഥലമെട്ടുപ്പ്

മി. സ്പീക്കർ: ദേശീയപാത 66-ന്റെ സ്ഥലമെട്ടുപ്പുമായി ബന്ധപ്പെട്ട അപൂർണ്ണമായ നഷ്ടപരിഹാര പാക്കേജ്, അശാസ്ത്രീയമായ അലൈൻമെന്റ്, ജംഗ്ഷനുകൾക്കുവേണ്ടിയുള്ള അമിതമായ സ്ഥലം ഏറ്റെടുക്കൽ എന്നിവമൂലം ജനങ്ങളിലുണ്ടായിട്ടുള്ള ഉത്കണ്ഠയും പരിഭ്രാന്തിയും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി.ഡി. സതീശൻ, മഞ്ഞളാംകുഴി അലി, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കാസർഗോഡ് മുതൽ കളിയിക്കാവിള വരെയുള്ള 621 കിലോമീറ്റർ ദൈർഘ്യമുള്ള ദേശീയ പാത 66 നാലുവരിപ്പാതയായി വികസിപ്പിക്കുന്നത് സംബന്ധിച്ച് നിരവധി ചർച്ചകൾ നടത്തുകയുണ്ടായി. ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് എല്ലാ അനുകൂല സാഹചര്യങ്ങളും ഒരുക്കിയെങ്കിലും കേന്ദ്ര ഗവൺമെന്റ് മെല്ലെപ്പോക്ക് നയമാണ് സ്വീകരിച്ചുവരുന്നത്. കാസർഗോഡ് തലപ്പാടി മുതൽ കഴക്കൂട്ടം വരെയുള്ള സംസ്ഥാനത്തെ പ്രധാന ദേശീയപാതയായ

എൻ.എച്ച്.-66 (പഴയ എൻ.എച്ച് 17-47) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖേന 4 ട്രാഫിക് പാതകളും 2 സേവന പാതകളുമാണ് വികസിപ്പിക്കുന്നത്. അതിൽ ഇടപ്പള്ളി മുതൽ ചേർത്തല വരെ നാലുവരിപ്പാതയാക്കിയിട്ടുണ്ട്. ബാക്കിയുള്ള ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാതയാണ് ഇപ്പോൾ വികസിപ്പിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇതുസംബന്ധിച്ച അലൈൻമെന്റ് തീരുമാനിക്കുകയും ചില ജില്ലകളിൽ 3 എ വിജ്ഞാപനം ഇറക്കുകയും ചെയ്തെങ്കിലും പ്രതിഷേധത്തെത്തുടർന്ന് ഗവൺമെന്റ് സർവ്വേ നടപടികൾ നിർത്തിവച്ചു. സർക്കാരിന്റെ നിസ്സഹകരണ സമീപനംമൂലം എൻ.എച്ച്.എ. പദ്ധതിയിൽ നിന്നും പിൻമാറുകയും 2013-ലെ 3 എ വിജ്ഞാപനം അസാധുവാകുകയും ചെയ്തു. ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ മാനദണ്ഡമനുസരിച്ചാണ് റോഡിന്റെ ഘടനയും അലൈൻമെന്റും തീരുമാനിക്കുന്നത്. എൻ.എച്ച്.എ. തയ്യാറാക്കിയ പുതിയ ഡിസൈൻ അനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2014-ൽ സർക്കാർ ഉത്തരവിറക്കി. തുടർനടപടികൾക്കായി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയുണ്ടായെങ്കിലും ഒരു സെന്റ് ഭൂമിപോലും ഏറ്റെടുക്കുകയുണ്ടായിട്ടില്ല. ഈ ഗവൺമെന്റ് നാഷണൽ ഹൈവേ അതോറിറ്റിയുമായി അഞ്ച് അവലോകന യോഗങ്ങൾ നടത്തുകയും കഴിഞ്ഞ

ഗവൺമെന്റിന്റെ കാലത്ത് നിർത്തിവച്ചിരുന്ന നടപടികളുമായി മുന്നോട്ടുപോകാൻ തീരുമാനിക്കുകയും ചെയ്തു. നാഷണൽ ഹൈവേ അതോറിറ്റി തയ്യാറാക്കുന്ന അലൈൻമെന്റ് പൊതുമരാമത്ത് വകുപ്പ് വഴിയാണ് അംഗീകരിക്കുന്നത്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട 3 എ വിജ്ഞാപനം എല്ലാ ജില്ലകളിലും പൂർത്തിയായിട്ടില്ല. നഷ്ടപരിഹാരത്തുകയുമായി ബന്ധപ്പെട്ട 3 ഡി വിജ്ഞാപനം അനുസരിച്ച് കാസർഗോഡ് ജില്ലയിൽ സ്ഥലം ഏറ്റെടുത്തു തുടങ്ങിയപ്പോൾ നഷ്ടപരിഹാരം കൂടുതലാണെന്ന കാരണത്താൽ കേന്ദ്ര ഗവൺമെന്റാണ് പ്രസ്തുത പ്രവൃത്തി മരവിപ്പിച്ചത്. അലൈൻമെന്റ് സംബന്ധമായ പരാതികൾ എൻ.എച്ച്.എ.ഐ.-യ്ക്ക് ലഭ്യമാക്കിയെങ്കിലും അവർ ഇക്കാര്യത്തിൽ മെല്ലെപ്പോക്ക് നയമാണ് സ്വീകരിച്ചുവരുന്നത്. റോഡിന്റെ നിലവിലുള്ള 30 മീറ്ററിന്റെ മധ്യഭാഗത്ത് തുല്യമായ സ്ഥലം ഏറ്റെടുക്കണമെന്ന തത്വം ഈ ഗവൺമെന്റാണ് കൊണ്ടുവന്നത്. അലൈൻമെന്റിന്റെ ശാസ്ത്രീയമായ ആവശ്യകത, പ്രാധാന്യമുള്ള ആരാധനാലയങ്ങളുടെ സംരക്ഷണം എന്നീ സാഹചര്യങ്ങളിൽ മാത്രമേ ഒരുവശത്തുനിന്ന് അധികമായി സ്ഥലം ഏറ്റെടുക്കാവൂ എന്ന് തീരുമാനിച്ചിട്ടുണ്ട്. 3 എ വിജ്ഞാപനം പുറത്തിറങ്ങുന്ന തീയതി മുതലാണ് ഭൂമി എടുക്കുന്നതിനുള്ള നഷ്ടപരിഹാരം കണക്കാക്കുന്നത്.

നഷ്ടപരിഹാരമായി നൽകുന്ന ഭൂമിയുടെ കമ്പോള വിലയെ ഗുണന ഘടകവുമായി ഗുണിച്ച് കിട്ടുന്ന തുക, മരങ്ങളുടെ വില, കെട്ടിടം ഉൾപ്പെടെയുള്ള ചമയങ്ങളുടെ കാലപ്പഴക്കം പരിഗണിക്കാതെയുള്ള വില, മറ്റ് ആസ്തികളുടെ വില എന്നിവയുടെ കൂടെ നൂറ് ശതമാനം സൊലേഷ്യയുംകൂടി കൂട്ടുമ്പോഴാണ് കമ്പോള വിലയുടെ ഇരട്ടിയിലധികം ലഭിക്കുന്നത്. ഇതുകൂടാതെ 3എ വിജ്ഞാപനം ഇറങ്ങുന്ന തീയതി മുതൽ 12 ശതമാനം പലിശയും ലഭിക്കും. ദേശീയ പാത 4 വരിയാക്കുന്ന മുഴുവൻ ജില്ലകളിലും 3എ വിജ്ഞാപനം പുറത്തിറക്കിയിട്ടുണ്ട്. 3ഡി വിജ്ഞാപനം 42 ശതമാനവും സ്ഥലമേറ്റെടുത്ത് തുക നൽകുന്ന 3ജി വിജ്ഞാപനം 9 ശതമാനവും പൂർത്തിയായിട്ടുണ്ട്. തലശ്ശേരി-മാഹി ബൈപ്പാസ് റോഡ്, കാസർഗോഡ് ജില്ലയിലെ നീലേശ്വരം-പള്ളിക്കര റെയിൽവേ ഓവർ ബ്രിഡ്ജ്, തിരുവനന്തപുരം-കഴക്കൂട്ടം ഫ്ലൈ ഓവർ എന്നിവയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചുകഴിഞ്ഞു. മൂടാട്-പാലോളി പാലത്തിന്റെ ഡി.പി.ആർ. തയ്യാറാക്കിവരികയാണ്. കണ്ണൂർ ജില്ലയിലെ ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് തളിപ്പറമ്പിൽ ബൈപ്പാസ് നിർമ്മിക്കുന്നതിന് മൂന്ന് അലൈൻമെന്റുകൾ പരിഗണിച്ചതിൽ കീഴാറ്റൂരിലൂടെയുള്ളതാണ് ഏറ്റവും ശാസ്ത്രീയമായിട്ടുള്ളത്. അതിനുള്ള സ്ഥലം

ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്. ദേശീയപാത വികസനം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണെങ്കിലും വികസന കാര്യത്തിൽ കാലതാമസം ഒഴിവാക്കുന്നതിനായി ദേശീയപാതയിലെ തോണ്ടയാട്-വാമനാട്ടുകര, വൈറ്റില-കുണ്ടന്നൂർ മേൽപ്പാലങ്ങളുടെ നിർമ്മാണം സംസ്ഥാന ഫണ്ടുപയോഗിച്ച് ദേശീയപാതാ വിഭാഗം നടത്തിവരികയാണ്. കൊല്ലം-ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണച്ചെലവിന്റെ 50 ശതമാനവും സംസ്ഥാന സർക്കാരാണ് വഹിച്ചിട്ടുള്ളത്. സംസ്ഥാന ഫണ്ടുപയോഗിച്ച് കരമന-കളിയിക്കാവിള ദേശീയപാതയുടെ രണ്ടാംഘട്ട നിർമ്മാണപ്രവൃത്തികളും ആരംഭിച്ചുകഴിഞ്ഞു. കേന്ദ്ര ഗവൺമെന്റിന് കേരളത്തോടുള്ള മെല്ലെപ്പോക്ക് നയം അവസാനിപ്പിക്കുന്നതിന് എല്ലാവരും ഒറ്റക്കെട്ടായി നിൽക്കേണ്ടതാണ്.

ശ്രീ. വി. ഡി. സതീശൻ: നാഷണൽ ഹൈവേയുടെ വികസനത്തിന് എതിരായ നിലപാട് പ്രതിപക്ഷത്തിനില്ല. സ്ഥലമെടുപ്പുമായും നിലവിലുള്ള നിയമങ്ങളുമായും ബന്ധപ്പെട്ട അവ്യക്തതകൾ ജനങ്ങൾക്കിടയിൽ ഉത്കണ്ഠയും പരിഭ്രാന്തിയും ഉണ്ടാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ ഇടപ്പള്ളി മുതൽ മൂത്തകുന്നംവരെയുള്ള ഭാഗത്ത് 35 വർഷം മുമ്പ് 30 മീറ്റർ സ്ഥലമെടുത്തതിന് നഷ്ടപരിഹാരമായി 23,000 രൂപയാണ് സെന്റിന് ലഭിച്ചത്. അതേ ആളുകളുടെ

സ്ഥലം തന്നെയാണ് വീണ്ടും ഏറ്റെടുക്കുന്നത്. നിയമത്തിലെ അവ്യക്തത മുതലെടുത്ത് ചില തൽപ്പരകക്ഷികൾ ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ പരത്തുന്നതിന് ശ്രമം നടത്തുകയാണ്. അതിനാൽ നിയമത്തിലെ അവ്യക്തതകൾ നീക്കി നഷ്ടപരിഹാര പാക്കേജിന്റെ വസ്തുതകൾ വ്യക്തമാക്കുകയും ന്യായമായ നഷ്ടപരിഹാരം കിട്ടുമെന്ന് ഉറപ്പുവരുത്തുകയും വേണം. നിലവിലെ കോമ്പൻസേഷൻ പാക്കേജനുസരിച്ച് 1956-ലെ ഹൈവേ ആക്ടനുസരിച്ചാണ് സ്ഥലമെടുക്കുന്നതെങ്കിലും 2013-ലെ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആക്ടിലെ ഷെഡ്യൂൾ 1 അനുസരിച്ചാണ് കോമ്പൻസേഷൻ കൊടുക്കുന്നത്. അതിൽ സ്ഥലത്തിന്റെ വിലയും നൂറ് ശതമാനം സൊലേഷ്യയും ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് അതിനുശേഷം പുറത്തിറക്കിയ ഉത്തരവനുസരിച്ച് ഷെഡ്യൂൾ ഒന്ന് പ്രകാരമുള്ള നഷ്ടപരിഹാര പാക്കേജ് 2013-ലെ ആക്ട് അനുസരിച്ചുള്ള കോംപ്രിഹെൻസീവ് പാക്കേജായി മാറുന്നില്ല. 29-12-2017-ൽ സംസ്ഥാന ഗവൺമെന്റ് പുറത്തിറക്കിയ ഉത്തരവനുസരിച്ച് 2013-ലെ ആക്ടിലെ ഒന്നാമത്തെ ഷെഡ്യൂൾ നിലനിൽക്കുകയും രണ്ടാമത്തെയും മൂന്നാമത്തെയും ഷെഡ്യൂളുകൾക്ക് പകരം ഗവൺമെന്റ് ഒരു പോളിസി ഫോർമുലേറ്റ് ചെയ്യുകയും ചെയ്തു. സംസ്ഥാനത്തെ ജനസാന്ദ്രത പരിഗണിച്ച്

2013-ലെ രണ്ടാമത്തെ ഷെഡ്യൂളിൽ നിന്ന് വ്യത്യസ്തവും ഗുണകരവുമായ രീതിയിൽ 2017-ൽ സർക്കാർ ഇറക്കിയ ഓർഡറിൽ 14 പുതിയ കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കാൻ ചുമതലപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർ പുതിയ ഉത്തരവ് നടപ്പിലാക്കുമെന്ന് ഉറപ്പുനൽകിയിട്ടില്ലാത്ത സാഹചര്യം നിലനിൽക്കുന്നതിനാലും 2013-ലെ ഉത്തരവിലെ ഷെഡ്യൂൾ 1 ബാധകമായതിനാലും 2017-ൽ പുറത്തിറക്കിയ ഉത്തരവ് അനുസരിച്ചുള്ള കോമ്പൻസേഷൻ പാക്കേജുകൂടി കൊടുക്കുമെന്ന സർക്കാർ ഉറപ്പിന്റെ സാംഗത്യം വ്യക്തമാക്കണം. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ അസൈൻമെന്റിനുവേണ്ടി ചുമതലപ്പെട്ട പ്രധാന ഉദ്യോഗസ്ഥന്മാർക്കും ജില്ലാ കളക്ടർമാർക്കും പുതിയ ഉത്തരവിനെക്കുറിച്ചുള്ള അവ്യക്തത നിലനിൽക്കുകയാണ്. വാടക കെട്ടിടങ്ങളിൽ വർഷങ്ങളായി കച്ചവടം നടത്തിയിരുന്ന ആളുകൾ ഒഴിഞ്ഞുപോകുമ്പോൾ നഷ്ടപരിഹാരത്തുക കച്ചവടക്കാർക്കുതന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതോടൊപ്പം 2017-ലെ സർക്കാർ ഉത്തരവ് നടപ്പിലാക്കുകയോ കൊച്ചി മെട്രോ റെയിൽ പദ്ധതി മാതൃകയിലുള്ള പാക്കേജ് ഇവർക്കായി നടപ്പിലാക്കുകയോ ചെയ്യണം. അലൈൻമെന്റുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നിലനിൽക്കുന്ന അശാസ്ത്രീയത പരിഹരിക്കുന്നതിന് സർക്കാർ കാര്യക്ഷമമായി ഇടപെടുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും വേണം. ചേരാനെല്ലൂർ ജംഗ്ഷന്റെ വികസനത്തിനായുള്ള

മൂന്നാമത്തെ സ്ഥലമേറ്റെടുപ്പ് പ്രശ്നംമൂലം ജനങ്ങൾ പ്രക്ഷുബ്ധരാകുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായി പറവൂരിൽ നിന്നും ഇടപ്പള്ളിയിലേയ്ക്ക് പോകുന്ന റോഡിൽ മേൽപ്പാലവും കണ്ടെയ്നർ ടെർമിനൽ റോഡിൽ അണ്ടർപ്പാസും നിർമ്മിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റിയുമായി ചർച്ച നടത്താൻ തയ്യാറാകണം. പ്രസ്തുത പ്രദേശങ്ങളിലെ ജംഗ്ഷൻ വികസനത്തിന് സ്ഥലമേറ്റെടുക്കേണ്ട ആവശ്യമില്ലെന്നും പകരം ആൾട്ടർനേറ്റീവ് പ്രൊപ്പോസൽ നൽകണമെന്നും ജില്ലാ അഡ്മിനിസ്ട്രേഷൻ നാഷണൽ ഹൈവേ അതോറിറ്റിക്ക് നൽകിയ നിർദ്ദേശം പൂർണ്ണമായി അവഗണിച്ചിരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ റീ സെറ്റിൽമെന്റ് ആന്റ് റീ ഹാബിലിറ്റേഷൻ പോളിസി പ്രകാരം ഒന്നിലധികം തവണ സ്ഥലം ഏറ്റെടുത്തതിലൂടെ ഭൂമി നഷ്ടപ്പെട്ട ഭൂവുടമകൾക്ക് പ്രത്യേക പരിഗണന നൽകാനും അവ്യക്തതകൾ പരിഹരിച്ച് നിലവിലെ നിയമവും സർക്കാർ ഉത്തരവും ഫലപ്രദമായി നടപ്പിലാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാനും മുഖ്യമന്ത്രി തയ്യാറാകണം. തൽപ്പരകക്ഷികൾക്ക് ദുഷ്പ്രചരണം നടത്താനുള്ള അവസരമൊഴിവാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് നഷ്ടപരിഹാര പാക്കേജിനെ സംബന്ധിച്ച ചർച്ച നടത്തുകയും ആയത് പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുകയും വേണം. അശാസ്ത്രീയവും അമിതവുമായ സ്ഥലമെടുപ്പിനെ സംബന്ധിച്ച് നാഷണൽ ഹൈവേ അതോറിറ്റി ഉദ്യോഗസ്ഥരോട്

വിശദീകരണം ആരായുന്നതോടൊപ്പം ഇതിനായി ആൾട്ടർനേറ്റീവ് പ്രൊപ്പോസൽ നൽകാൻ സർക്കാർ തയ്യാറാവുകയും വേണം. ദേശീയപാത വികസനത്തിന്റെ ഭാഗമായി ദുരിതത്തിലകപ്പെട്ടവർക്ക് മതിയായ നഷ്ടപരിഹാരം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്താനും സർക്കാർ തീരുമാനങ്ങൾ യഥാസമയം ജനങ്ങളിലെത്തിക്കാനുള്ള സംവിധാനമൊരുക്കാനും നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ജംഗ്ഷനുകളുടെ വികസനത്തിനായുള്ള സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ അതോറിറ്റിയോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ചേരാനല്ലൂർ ജംഗ്ഷനിൽ എൻ.എച്ച്. 66-ഉം വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലും സംഗമിക്കുന്നതോടൊപ്പം മറ്റു റോഡുകളും അവിടേയ്ക്ക് എത്തിച്ചേരുന്നു. 2016-ൽ 8672 പാസഞ്ചർ-കം-യൂണിറ്റുകളുണ്ടായിരുന്നത് 2021 ആകുമ്പോൾ 10000 പാസഞ്ചർ-കം-യൂണിറ്റുകളായി വർദ്ധിക്കുമെന്ന് ട്രാഫിക് മൂവ്മെന്റ്സ് നടത്തിയ സർവ്വേയിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ജംഗ്ഷനുകളുടെ വികസനവുമായി എൻ.എച്ച്.എ.ഐ. മുന്നോട്ടുപോകുന്നത്. 2009-ലെ ആക്ട് പ്രകാരം 83 സെന്റ് ഭൂമിക്ക് അവിടത്തെ മരങ്ങളുടെ വിലയും സ്ട്രക്ചറൽ വാല്യുവുമുൾപ്പെടെ

പരമാവധി 4.67 കോടി രൂപ നഷ്ടപരിഹാരം ലഭിക്കുമായിരുന്നെങ്കിൽ 2013-ലെ എൽ.എ.ആർ.ആർ. പ്രകാരം നൂറ് ശതമാനം സൊലേഷ്യമുൾപ്പെടെ 10.75 കോടി രൂപയും സെന്റ് ഒന്നിന് 5,60,000/- രൂപ ലഭിച്ച സ്ഥാനത്ത് 12,87,000/- രൂപയുമാണ് ലഭിക്കുന്നത്. ഒരു സെന്റിന് 7,27,000 രൂപയാണ് നഷ്ടപരിഹാര തുക അധികമായി ലഭിക്കുന്നത്. സംസ്ഥാന റോഡ് വികസനത്തിനായി സർക്കാർ ഏറ്റെടുക്കുന്ന ഭൂമിക്ക് മുഖ്യമന്ത്രി മുൻകയ്യെടുത്ത് വിപുലമായ പാക്കേജ് തയ്യാറാക്കി പ്രഖ്യാപിച്ചിട്ടുണ്ട്. 621 കിലോമീറ്റർ ദേശീയപാത വികസനത്തിനായി സർക്കാർ ഭൂമി ഏറ്റെടുത്ത് നൽകണമെന്ന ആശയം അപ്രായോഗികമാണെന്ന് മാത്രമല്ല, അതിന്റെ പൂർണ്ണ ഉത്തരവാദിത്തം നാഷണൽ ഹൈവേ അതോറിറ്റിയിൽ നിക്ഷിപ്തവുമാണ്. ദേശീയപാതയ്ക്കായി സ്ഥലമേറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം സംസ്ഥാനം ഏറ്റെടുക്കണമെന്ന് പറയുന്ന സമീപനം ശരിയല്ല. നഷ്ടപരിഹാരം അനുവദിക്കേണ്ടത് കേന്ദ്ര സർക്കാരായതിനാൽ സർക്കാർ അതിന് സമ്മർദ്ദം ചെലുത്തുന്നതാണ്. ദേശീയപാതാ വികസനത്തിനായി ടെണ്ടർ നടപടി സ്വീകരിച്ച് ഒന്നേകാൽ വർഷമായിട്ടും കേന്ദ്ര സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ദുരുദ്ദേശ്യപരമായ വിമർശനങ്ങൾ ഭരണ-പ്രതിപക്ഷ ഭേദമെന്യേ സംസ്ഥാനം ഒരുമിച്ച് നേരിടണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ജനസംഖ്യാനുപാതികമായി ഭൂമിയുടെ വില അധികമായതിനാൽ സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കാൻ സാധിക്കില്ലെന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്. സ്ഥലത്തിന് അധികമായി ചെലവാകുന്ന തുക സംസ്ഥാനം നൽകണമെന്ന വ്യവസ്ഥ അംഗീകരിക്കാൻ സാധിക്കില്ല. സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് ഭൂമി വിട്ടുനൽകുന്നവരുടെ പുനരധിവാസത്തിനായി സംസ്ഥാനം മുന്നോട്ടുവച്ച പാക്കേജ് അംഗീകരിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണം. നിലവിലെ സാമ്പത്തിക സ്ഥിതി വച്ച് നഷ്ടപരിഹാരം ഏറ്റെടുക്കാൻ സംസ്ഥാനത്തിന് സാധിക്കില്ല. ഭൂമി വിട്ട് നൽകുന്നവർക്ക് പരമാവധി നഷ്ടപരിഹാരം നേടിക്കൊടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു )

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കേരളത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് ദേശീയപാതയ്ക്ക് 45 മീറ്റർ വീതി വേണമെന്നതിൽ ഏകാഭിപ്രായമാണുള്ളത്. സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് കൊച്ചി മെട്രോയുടെ കാര്യത്തിൽ സ്വീകരിച്ച മാതൃക പിൻതുടരണം. കളമശ്ശേരി മുതൽ മൂത്തകുന്നം വരെ സ്ഥലമേറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്ക് ന്യായമായ

നഷ്ടപരിഹാരം ലഭ്യമാക്കണം. 2013-ലെ ഫെയർ കോമ്പൻസേഷൻ നിയമമനുസരിച്ച് ആർക്കും കോടതിയിൽ പോകാൻ കഴിയാത്ത സാഹചര്യത്തിൽ ഇന്ത്യയിലെവിടെയും ഭൂമി ഏറ്റെടുക്കാൻ സാധിക്കുമെന്നതിനാലാണ് ദേശീയപാത വികസനം സാദ്ധ്യമാകുന്നത്. ഭൂമി ഏറ്റെടുക്കുമ്പോൾ വിവേചനമൊഴിവാക്കി ഇരുഭാഗത്തുനിന്നും ഒരുപോലെ ഭൂമി ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകണം. ചേരാനല്ലൂരുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണിക്കണം. ദേശീയപാതയ്ക്കായി സ്ഥലം വിട്ട് നൽകുന്നവരോട് അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കുമെന്ന സർക്കാർ നിലപാട് സ്വാഗതാർഹമാണ്.

## IV ശ്രദ്ധക്ഷണിക്കൽ

### (1) പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്

ശ്രീ. സി. കെ. നാണു: വടകര, നാദാപുരം, കൊയിലാണ്ടി പ്രദേശങ്ങളിലെ കുടിവെള്ളത്തിൽ ഉപ്പിന്റെ അംശം കൂടിയതിനാൽ കുടിവെള്ളക്ഷാമം നേരിടുകയാണ്. ആയതിനാൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി വിഭാവനം ചെയ്ത പെരിഞ്ചേരിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കിഫ്ബി ധനസഹായത്തോടെ 30 റെഗുലേറ്റർ-കം-ബ്രിഡ്ജുകൾ സ്ഥാപിക്കുന്നതിന് 600 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. വടകര, നാദാപുരം, കൊയിലാണ്ടി പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കുറ്റ്യാടി പുഴയ്ക്ക് കുറുകെ പെരിഞ്ചേരിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് യാഥാർത്ഥ്യമാക്കുന്നതിന് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. സമയബന്ധിതമായി പൂർത്തിയാക്കി ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

## (2) സമഗ്ര വികസന പാക്കേജ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കാസർഗോഡ് ജില്ലയുടെ സമഗ്ര വികസനത്തെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച ഡോ. പി. പ്രഭാകരൻ കമ്മീഷൻ 12,000 കോടി രൂപയുടെ പദ്ധതിയാണ് സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത കമ്മീഷൻ റിപ്പോർട്ടിൽ പ്രാധാന്യമുള്ള പല വർക്കുകളും ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഒഴിവാക്കപ്പെട്ട അതിപ്രധാന

വർക്കുകൾ കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥതലത്തിൽ ചർച്ച നടത്തുന്നതിനും റിപ്പോർട്ടിലെ അനോമലികൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കാസർഗോഡ് ജില്ലയുടെ വികസന പിന്നോക്കാവസ്ഥ പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ വിശദമായ പഠനങ്ങൾക്കുശേഷമാണ് പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. ജില്ലയുടെ സമഗ്ര വികസനത്തിനായി സമസ്ത മേഖലകളിലും സർക്കാർ നടത്തേണ്ട വികസന പ്രവർത്തനങ്ങൾക്ക് റിപ്പോർട്ടിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. 2013-14 മുതൽ 2017-18 വരെ 279 പദ്ധതികൾക്കായി 438.05 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2018-19-ൽ ഭരണാനുമതിക്കായി സമർപ്പിച്ച 88 പദ്ധതികളിൽ അനുയോജ്യമായ പദ്ധതികൾക്ക് ഉടൻതന്നെ ഭരണാനുമതി നൽകുന്നതാണ്. കാസർഗോഡ് പാക്കേജ് നടപ്പിലാക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം ആസ്തി വികസന പദ്ധതികൾക്കാണ് മുൻഗണന നൽകേണ്ടത്. കമ്മീഷൻ റിപ്പോർട്ട് ഒരു പ്രത്യേക പാക്കേജായതിനാൽ ഇതിൽ ഉൾപ്പെടാത്ത പദ്ധതികൾക്ക് ഭരണാനുമതി

നൽകാൻ നിർവ്വാഹമില്ല. കാസർഗോഡ് വികസന പാക്കേജിന്മേലുള്ള വികസന പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്നത് ജില്ലാഭരണകൂടമായതിനാൽ അതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ജനപ്രതിനിധികൾക്ക് ജില്ലാഭരണകൂടത്തെ അറിയിക്കാവുന്നതാണ്. പദ്ധതികളുടെ നിർവ്വഹണം വേഗത്തിലാക്കാനും മേൽനോട്ടത്തിനുമായി ഒരു സ്പെഷ്യൽ ഓഫീസർ തസ്തിക സൃഷ്ടിച്ച് ചുമതല നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ അടിയന്തരമായി നികത്താൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നതാണ്.

## V സബ്മിഷൻ

### (1) യൂണിവേഴ്സിറ്റി ജീവനക്കാർക്കെതിരെയുള്ള നടപടി

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സാലറി ചലഞ്ചിനെതിരെ വൈസ് ചാൻസിലർക്ക് തുറന്ന കത്തെഴുതിയെന്നാരോപിച്ച് കേരള യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ഓർഗനൈസേഷൻ (KUTO) ഭാരവാഹികൾക്കെതിരെ യൂണിവേഴ്സിറ്റി രജിസ്ട്രാർ സ്വീകരിച്ച അച്ചടക്ക നടപടി പിൻവലിക്കണം.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് 03-09-2018-ന് വി.സി. കേരള സർവ്വകലാശാലയിലെ എല്ലാ അദ്ധ്യാപക സംഘടനാ നേതാക്കളുടെയും യോഗം വിളിക്കുകയും ഏതാണ്ട് എല്ലാ അദ്ധ്യാപക സംഘടനകളും അതിനോട് യോജിപ്പ് പ്രകടിപ്പിക്കുകയും ചെയ്തു. എന്നാൽ KUTO എന്ന അദ്ധ്യാപക സംഘടന വൈസ് ചാൻസിലർക്ക് തുറന്ന കത്തെന്ന പേരിൽ ഒരു നോട്ടീസ് പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ മുഖ്യമന്ത്രിക്കും വി.സി.-ക്കും സാലറി ചലഞ്ചെന്ന പദ്ധതിക്കുമെതിരായി സഭ്യതയുടെ സീമകൾ ലംഘിച്ചുകൊണ്ടുള്ള പദപ്രയോഗങ്ങളാണ് ഉപയോഗിച്ചത്. ഇത് സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർ അനുവർത്തിക്കേണ്ട അച്ചടക്കത്തിനും മാന്യതയ്ക്കും എതിരാണെന്ന തരത്തിൽ പൊതുഅഭിപ്രായം വന്നതിന്റെയടിസ്ഥാനത്തിൽ 28-09-2018-ന് ചേർന്ന സിൻഡിക്കേറ്റ് യോഗം ചുമതലപ്പെടുത്തിയ വൈസ് ചാൻസിലർ നോട്ടീസിലെ പരാമർശ കാര്യങ്ങളിൽ അച്ചടക്കലംഘനം നടന്നിട്ടുണ്ടെന്ന് കണ്ടെത്തുകയും ബന്ധപ്പെട്ടവർക്ക് മെമ്മോ നൽകാൻ തീരുമാനിക്കുകയുമാണുണ്ടായത്. ഇതുസംബന്ധിച്ച മറുപടി പരിശോധിക്കുമെന്നും ആവശ്യമായ നടപടി

സ്വീകരിക്കുമെന്നുമാണ് സർവ്വകലാശാല അധികൃതർ അറിയിച്ചിട്ടുള്ളത്.

(2) സി.സി.ടി.വി. ക്യാമറകളുടെ വൈദ്യുതി ബിൽ

ശ്രീ. വി. ജോയി : തിരുവനന്തപുരം റൂറൽ പോലീസ് ജില്ലയിൽ സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി. ക്യാമറകളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിനും മെയിന്റനൻസ് വർക്കുകൾ നടത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്ത് പൊതുനിരത്തുകളിൽ ട്രാഫിക് നിരീക്ഷണത്തിനായി സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ പരിപാലിക്കുന്നതിനും വൈദ്യുതി ചാർജ് അടയ്ക്കുന്നതിനുമുള്ള ചുമതലയും അവയുടെ പരിപാലനവും അതത് ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്. തിരുവനന്തപുരം റൂറൽ പോലീസ് ജില്ലയിൽ 38 പോലീസ് സ്റ്റേഷൻ പരിധികളിലായി 1080 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. അതിൽ കടയ്ക്കാവൂർ, വട്ടപ്പാറ, കഠിനംകുളം, പൊന്മുടി പോലീസ് സ്റ്റേഷൻ പരിധികളിൽ സ്ഥാപിച്ചിട്ടുള്ള 50 ക്യാമറകളുടെ വൈദ്യുതി ബിൽ പോലീസ് ഡിപ്പാർട്ടുമെന്റും 140 ക്യാമറകളുടെ വൈദ്യുതി ബിൽ അതത് ഗ്രാമപഞ്ചായത്തുകളും ബാക്കിയുള്ള 890 ക്യാമറകളുടെ വൈദ്യുതി ബിൽ വ്യാപാരികളും ജനകീയ സമിതികളുമാണ് അടയ്ക്കുന്നത്. ഇതിന്മേൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്.

## (3) സെനറ്റ് തെരഞ്ഞെടുപ്പിലെ സംഘർഷം

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: കുസാറ്റിലെ സെനറ്റ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സംഘർഷത്തെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കുസാറ്റിൽ നടന്ന വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് യൂണിവേഴ്സിറ്റിയുടെ വക സഹാറ ഹോസ്റ്റലിന് സമീപം പ്രമുഖ വിദ്യാർത്ഥി യൂണിയനെ പിന്തുണയ്ക്കുന്ന മലബാറീസ് വിഭാഗവും മറുവിഭാഗവും തമ്മിൽ സംഘർഷം ഉണ്ടാവുകയും സ്ഥലത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർ എട്ടുപേരെ അറസ്റ്റ് ചെയ്ത് കേസ് രജിസ്റ്റർ ചെയ്ത് ജാമ്യത്തിൽ വിടുകയും ചെയ്തു. അതിനുപുറമേ സായുധരായി നിന്നിരുന്ന മലബാറീസ് ഗ്രൂപ്പിൽപ്പെട്ട വിദ്യാർത്ഥികളോട് പിരിഞ്ഞുപോകാൻ ആവശ്യപ്പെട്ടിട്ടും അനുസരിക്കാതിരുന്നതിനാൽ 43 പേരെ അറസ്റ്റ് ചെയ്ത് കേസ് രജിസ്റ്റർ ചെയ്ത് ജാമ്യത്തിൽ വിടുകയുണ്ടായി. തുടർസംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ജാഗ്രതയോടെയുള്ള ഇടപെടലുകൾ നടത്താൻ പോലീസിനും യൂണിവേഴ്സിറ്റി അധികൃതർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(4) താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. ടി. വി. ഇബ്രാഹിം: കൊണ്ടോട്ടി താലൂക്ക് ആശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് അപ്ഗ്രേഡ് ചെയ്യുന്നതിനും ആവശ്യമായ സ്റ്റാഫ് പാറ്റേൺ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കൊണ്ടോട്ടി സാമൂഹ്യാരോഗ്യ കേന്ദ്രത്തെ ആരോഗ്യ വകുപ്പ് താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തിയിരുന്നു. അവിടെ നിലവിൽ 10 ഡോക്ടർമാരുടെയും 16 നഴ്സുമാരുടേതുമുൾപ്പെടെ 52 ജീവനക്കാരുടെ സേവനമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നാല് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർ, ഒരു ജൂനിയർ കൺസൾട്ടന്റ്, നാല് സ്റ്റാഫ് നഴ്സുമാർ, ഒരു ഹോസ്പിറ്റൽ അറ്റൻഡന്റ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. കൂടാതെ എൻ.എച്ച്.എം.-ൽ നിന്ന് രണ്ട് ഡോക്ടർമാരുടെയും ഒരു സ്റ്റാഫ് നഴ്സിന്റെയും സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അവിടത്തെ ഒ.പി. സമയം ആറ് മണിവരെ ദീർഘിപ്പിക്കുകയും ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യുകയും ആംബുലൻസ്, ഡയാലിസിസ് സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ

തയ്യാറാക്കുന്നതിനും ഇ.സി.ജി. അടക്കമുള്ള ഉപകരണങ്ങൾ വാങ്ങി പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള നടപടികൾ നടന്നുവരികയാണ്. ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത ആശുപത്രിക്കായി 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(5) അപ്രോച്ച് റോഡിന് സ്ഥലമെടുക്കൽ

ശ്രീ. സി. മമ്മൂട്ടി: തിരൂർ ടൗണിലൂടെ കടന്നുപോകുന്ന ചമ്രവട്ടം - കോഴിക്കോട് റോഡിലെ താഴെപ്പാലം അപകടാവസ്ഥയിലായതിനാൽ പകരം നിർമ്മിച്ച പാലത്തിന്റെ അപ്രോച്ച് റോഡ് പൂർത്തീകരിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുത്തുനൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): മലപ്പുറം ജില്ലയിൽ നിലവിലുള്ള തിരൂർ താഴെപ്പാലം ഗുരുതരമായ അപകടാവസ്ഥയിലായതിനാലും ഈ പാതയിലൂടെയുള്ള ഗതാഗതം നിരോധിക്കുകയാണെങ്കിൽ പകരം മറ്റൊരു പാത നിലവിലില്ലാത്തതിനാലും മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമാന്തര പാലത്തിന്റെ അപ്രോച്ച് റോഡിനായി തിരൂർ താലൂക്കിലെ തിരൂർ വില്ലേജിൽ 0.0250 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നെഗോഷ്യേറ്റഡ് പർച്ചേസ്

മുഖേന ഭൂമി ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർ നടപടി സ്വീകരിക്കുകയും നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥലം ഏറ്റെടുക്കുന്നതിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ഭൂമി വിട്ടുനൽകാൻ ഭൂവുടമകൾ തയ്യാറാകുന്ന പക്ഷം നടപടിക്രമങ്ങൾ പാലിച്ച് ഡയറക്ട് പർച്ചേസ് പ്രകാരം ഭൂമിയേറ്റെടുക്കാനാവശ്യമായ നടപടി ജില്ലാ കളക്ടർക്ക് സ്വീകരിക്കാവുന്നതാണ്.

(6) തടയണ നിർമ്മാണം

ശ്രീ. പി. ഉണ്ണി: ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ തൂതപ്പുഴയിൽ മുണ്ടോർശ്ശിക്കടവിൽ സ്ഥിരം തടയണ നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ശ്രീകൃഷ്ണപുരത്ത് തൂതപ്പുഴയിൽ ഒരു സ്ഥിരം തടയണ നിർമ്മിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തുകയും തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് മണ്ണുപരിശോധന നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കുന്നതിനും സർവ്വേ പൂർത്തിയാക്കുന്നതിനും തുക അനുവദിക്കുകയും പ്രവൃത്തികൾ ഇറിഗേഷൻ

വകുപ്പ് മുഖേന നടത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(7) കുടിവെള്ള പദ്ധതികൾ

ശ്രീ. കെ. എസ്. ശബരീനാഥൻ: അരുവിക്കര നിയോജകമണ്ഡലത്തിലെ മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും പുതിയ പദ്ധതികൾക്ക് ഫണ്ടനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): അരുവിക്കര നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കേന്ദ്ര, സംസ്ഥാന വിഹിതമുപയോഗിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള ഏഴ് പ്രവൃത്തികളിൽ ചിലത് പൂർത്തിയാകുകയും മറ്റുള്ളവ പുരോഗമിക്കുകയുമാണ്. പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്രശുദ്ധജല വിതരണ പദ്ധതികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പ്രദേശം സന്ദർശിച്ച് വിവിധ കുടിവെള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(8) കലാമൂല്യമുള്ള സിനിമകൾ പ്രദർശിപ്പിക്കൽ

ശ്രീ. പുരുഷൻ കടലുണ്ടി: കേരള സംസ്ഥാന ചലച്ചിത്ര വികസന

കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള തിയേറ്ററുകളിൽ കലാമൂല്യമുള്ള സിനിമകൾ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള തിയേറ്ററുകളിൽ മുഖ്യധാര സിനിമകളോടൊപ്പം നവാഗതരുടെ സിനിമകളും കലാമൂല്യമുള്ള സിനിമകളും തിയേറ്റർ ലഭ്യതയ്ക്കനുസരിച്ച് നിലവിൽ പ്രദർശിപ്പിക്കുന്നുണ്ട്. കോർപ്പറേഷന്റെ ദൈനംദിന ചെലവുകൾ നടത്തുന്നത് തിയേറ്റർ വരുമാനത്തിൽ നിന്നായതിനാൽ കലാമൂല്യമുള്ള സിനിമകൾ മാത്രം പ്രദർശിപ്പിക്കുക പ്രായോഗികമല്ല. സാമ്പത്തിക നഷ്ടം സഹിച്ചും ഇത്തരം സിനിമകൾ പരമാവധി പ്രദർശിപ്പിക്കുന്നതിന് ചലച്ചിത്ര വികസന കോർപ്പറേഷൻ ശ്രമിക്കുന്നതാണ്.

## (9) ആദിവാസി പുനരുദ്ധാരണ പദ്ധതികൾ

ശ്രീ. ഇ. കെ. വിജയൻ: നാദാപുരം നിയോജകമണ്ഡലത്തിലെ വാണിമേൽ, നരിപ്പറ്റ പഞ്ചായത്തുകളിലെ ആദിവാസി പുനരുദ്ധാരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി

സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): നാദാപുരം നിയോജകമണ്ഡലത്തിലെ വാണിമേൽ, നരിപ്പറ്റ ഗ്രാമപഞ്ചായത്തുകളിലെ നാല് ആദിവാസി കോളനികളുടെ സമഗ്ര വികസന പദ്ധതി ഊരുകൂട്ടത്തിന്റെ പുതിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ എഫ്.ഐ.റ്റി.എൽ. (ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്) സമർപ്പിച്ച പുതുക്കിയ ഡി.പി.ആർ.-ന് ഉടനെ അംഗീകാരം നൽകുന്നതാണ്. എജൻസി എന്ന നിലയിൽ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ എഫ്.ഐ.റ്റി.എൽ.-ന് വീഴ്ച സംഭവിച്ചതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവലോകന യോഗം വിളിക്കുകയും പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ശക്തമായ ഇടപെടൽ നടത്തുന്നതും മാർച്ച് 31-ന് മുമ്പ് എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കണമെന്ന യോഗതീരുമാനം പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്.

(10) തീരദേശ ഹൈവേ

ശ്രീ. കെ. ആൻസലൻ: നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിന്റെ ഭാഗമായിട്ടുള്ള പൊഴിയൂർ-കൊല്ലങ്കോട് തീരദേശപാത ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): തീരദേശ ഹൈവേ തിരുവനന്തപുരമടക്കം 9 ജില്ലകളിൽ കൂടിയാണ് കടന്നുപോകുന്നത്. വല്ലാർപാടം, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളെയും ചെറിയ തുറമുഖങ്ങളെയും തമ്മിൽ ഇത് ബന്ധിപ്പിക്കുന്നുണ്ട്. 651 കി.മീറ്റർ നീളമുള്ള തീരദേശ ഹൈവേയുടെ നിർമ്മാണച്ചുമതല നാഷണൽ ഹൈവേ അതോറിറ്റിയെ ഏല്പിക്കുകയും ഇതിനായി 6090 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 2018 സെപ്റ്റംബർ 28-ന് എം.എൽ.എ. മാരുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സൈഡ്ട്രാക്ക് ഉൾപ്പെടെ 14 മീറ്റർ വീതിയിൽ സ്ഥലമെടുക്കാനും പൊഴിയൂർ-കൊല്ലങ്കോട് വരെ തീരദേശപാത ദീർഘിപ്പിക്കാനും ധാരണയായി. ഇതുസംബന്ധിച്ച് സാധ്യതാ പഠനം നടത്തി അലൈൻമെന്റ് പ്രസ്തുത സ്ഥലങ്ങളിലേയ്ക്ക് ദീർഘിപ്പിക്കുന്നതാണ്.

(11) സഞ്ചയ സോഫ്റ്റ്‌വെയറിലെ പിഴവുകൾ

ശ്രീ. കെ. എൻ. എ. ഖാദർ: ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ സഞ്ചയ സോഫ്റ്റ്‌വെയറിലെ പിഴവുകളെ സംബന്ധിച്ച് അന്വേഷിച്ച് ഉചിതമായ

തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരടങ്ങിയ സഞ്ചയ സപ്പോർട്ട് സെല്ലിന്റെ നിർദ്ദേശങ്ങളനുസരിച്ചാണ് സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുള്ളത്. 2011-ലെ വസ്തു നികുതി ചട്ടങ്ങൾ പ്രകാരവും 2013-ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരവും 2013 മുതൽ അഞ്ചുവർഷക്കാലത്തേയ്ക്കാണ് പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ നികുതി കണക്കാക്കുന്നത്. വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ച് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തലുകൾ വരുത്താനുണ്ടായ കാലതാമസംമൂലമാണ് നഗരപ്രദേശങ്ങളിൽ കുടിശ്ശിക വന്നത്. അതാത് സമയത്ത് രേഖപ്പെടുത്തിയിട്ടുള്ള ഡാറ്റകളുടെ അടിസ്ഥാനത്തിലാണ് സോഫ്റ്റ്‌വെയർ നികുതി നിർണ്ണയിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സഹായിക്കുന്ന ഐ.കെ.എം.-ന്റെ പ്രവർത്തനങ്ങളിൽ പാകപിഴ വന്നിട്ടുണ്ടെങ്കിൽ അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (12) തൊഴിൽ ചൂഷണം

ശ്രീ. പി. കെ. ശശി: അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും തൊഴിൽ സുരക്ഷിതത്വവും പരിരക്ഷയും ഉറപ്പുവരുത്തുന്നതിന് നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിനും അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും നിയമനിർമ്മാണം നടത്തുന്നത് സംബന്ധിച്ച് പരിശോധിച്ചു വരികയാണ്.

(13) പാചകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: പൊതുവിദ്യാലയങ്ങളിലെ പാചകത്തൊഴിലാളികൾക്ക് മിനിമം കൂലി ലഭ്യമാക്കുന്നതിനും അവരെ പാർട്ട്ടൈം ജീവനക്കാരായി പരിഗണിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 150 കുട്ടികൾ വരെയുള്ള സ്കൂളുകളിലെ പാചകത്തൊഴിലാളികളുടെ കുറഞ്ഞ ദിവസ വേതനം 400 രൂപയായും 150-ൽ കൂടുതൽ കുട്ടികളുള്ള സ്കൂളുകളിലെ പാചകത്തൊഴിലാളികളുടെ ദിവസ വേതനം 475 രൂപയായും വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്കൂളുകളിൽ ഉച്ചഭക്ഷണം തയ്യാറാക്കുന്ന പാചകത്തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ

ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. 2019-20-ലെ ബഡ്ജറ്റിൽ പാചകത്തൊഴിലാളി കളുടെ ദിവസ വേതനം 500 രൂപയാക്കി വർദ്ധിപ്പിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട്.

(14) കൺവെയൻസ് അലവൻസ് അനുവദിക്കൽ

ശ്രീ. എ. എം. ആരിഫ്: അരൂർ ദ്വീപ് പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കൺവെയൻസ് അലവൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): അരൂർ ദ്വീപ് പ്രദേശങ്ങൾക്ക് അധിക ലോറി കൺവെയൻസും ബോട്ട് കൺവെയൻസും അനുവദിക്കുന്നതാണ്. പ്രസ്തുത പ്രദേശങ്ങൾക്ക് ബാധകമായ യഥാർത്ഥ ലോറി കൺവെയൻസും ബോട്ട് കൺവെയൻസും തയ്യാറാക്കുന്നതിനും ആയത് പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതാണ്.

(15) ഫിഷിംഗ് ഹാർബർ

ശ്രീ. എ. പ്രദീപ്കുമാർ: വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): വെള്ളയിൽ മത്സ്യ ബന്ധന തുറമുഖ പദ്ധതിയിൽ 750 മീറ്റർ നീളമുള്ള തെക്കേ പുലിമുട്ടും 530 മീറ്റർ നീളമുള്ള വടക്കേ പുലിമുട്ടുമാണ് നിർമ്മിച്ചിരുന്നത്. പുലിമുട്ടുകൾ നിർമ്മിച്ചതിനുശേഷവും മൺസൂൺ കാലത്ത് ബെയ്സിനുള്ളിൽ ആവശ്യമായ ട്രയാൻക്വിലിറ്റി ലഭ്യമാകാതിരിക്കുകയും കൂടുതൽ തിരയിളക്കം അനുഭവപ്പെടുകയും ബോട്ടുകൾ ബെർത്ത് ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ടാകുകയും ചെയ്തതിനാൽ വീണ്ടും മോഡൽ സ്റ്റഡി നടത്തുന്നതിന് സി.ഡബ്ല്യൂ.പി.ആർ.എസ്.-നെ ചുമതലപ്പെടുത്തുകയും 490 മീറ്റർ കൂടി നീളം വർദ്ധിപ്പിക്കണമെന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ 85.61 കോടി രൂപയുടെ പ്രോജക്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഒരു ഹാർബറുകൾക്കും കേന്ദ്ര സഹായം നൽകേണ്ടതില്ലെന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. കേന്ദ്ര സഹായം ലഭിക്കാത്തതിനാൽ നബാർഡിന് പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ഇതുവരെ സാമ്പത്തികാംഗീകാരം ലഭിച്ചിട്ടില്ല. വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിന്റെ തെക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്നതിനുൾപ്പടെയുള്ള

പ്രവൃത്തികൾക്കായി 50 കോടി രൂപ 2019-20-ലെ ബഡ്ജറ്റ് സ്പീച്ചിൽ പറഞ്ഞിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പ്രസ്തുത തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതും നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതുമാണ്.

## VI റിപ്പോർട്ടുകളുടെ സമർപ്പണം

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ടും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തിരണ്ടു മുതൽ നാൽപ്പത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകളും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിമൂന്നു മുതൽ മുപ്പത്തി ആറ് വരെയുള്ള റിപ്പോർട്ടുകളും സമർപ്പിക്കപ്പെട്ടു.

## VII ക്രമപ്രശ്നം

### (1) വോട്ട് ഓൺ അക്കൗണ്ട് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഭയിൽ വിതരണം ചെയ്യാത്തത് സംബന്ധിച്ച്

ശ്രീ. കെ. സി. ജോസഫ്: സഭയുടെ വോട്ടിന് സമർപ്പിക്കുന്ന തുക സംബന്ധിച്ച റിട്ടൺ സ്റ്റേറ്റ്മെന്റ് വോട്ട് ഓൺ അക്കൗണ്ട് ചർച്ച ആരംഭിക്കുന്ന സമയത്തുപോലും ലഭ്യമാക്കാതിരുന്നത് സഭയോടുള്ള അനാദരവും

അവഹേളനവുമാണ്. ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് ഓൺ അക്കൗണ്ട് സംബന്ധിച്ചുള്ള വിശദമായ സ്റ്റേറ്റ്മെന്റ് സഭയിൽ സമർപ്പിക്കാത്തതു സംബന്ധിച്ച് റൂളിംഗ് നൽകണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ മറുപടി പ്രസംഗത്തിൽ മാറ്റങ്ങൾ വരുത്തുന്നത് സ്വാഭാവികമാണ്. വോട്ട് ഓൺ അക്കൗണ്ട് സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് എത്രയും പെട്ടെന്ന് സഭയിൽ സർക്കുലേറ്റ് ചെയ്യുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): നടപടി ചട്ടങ്ങളിൽ ഇക്കാര്യം വളരെ വ്യക്തമായി പറയുന്നുണ്ട്. ബഡ്ജറ്റിന് മറുപടി പറയുന്ന സന്ദർഭത്തിൽ ചില ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നത് സ്വാഭാവികമാണ്. വോട്ട് ഓൺ അക്കൗണ്ടുമായി ബന്ധപ്പെട്ട റിട്ടൺ സ്റ്റേറ്റ്മെന്റ് സഭാംഗങ്ങൾക്ക് വിതരണം ചെയ്യേണ്ടതായിരുന്നു. ഇതുസംബന്ധിച്ച് ചെയർ നിർദ്ദേശം നൽകണം.

മി. സ്പീക്കർ: ബഡ്ജറ്റിന്റെ സമാപന പ്രസംഗത്തിൽ പുതിയ പദ്ധതികളും ആനുകൂല്യങ്ങളും പ്രഖ്യാപിക്കുന്നത് സ്വാഭാവികമാണെങ്കിലും

അക്കാര്യം രേഖാമൂലം സഭയെ അറിയിക്കേണ്ടതായിരുന്നു. എത്രയുംപെട്ടെന്ന് സ്റ്റേറ്റ്മെന്റ് സഭയിൽ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.

(2) രേഖകൾ സമർപ്പിക്കുന്നതിലെ കാലതാമസം

ശ്രീ. എം. ഉമ്മർ: സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിലെ വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ വകുപ്പുതലത്തിൽ അടിയന്തരമായി നടപടികൾ സ്വീകരിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ചെയർ റൂൾ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ട് ഇതുവരെ സഭയിൽ സമർപ്പിച്ചിട്ടില്ല. ഇത് സഭയോടുള്ള അനാദരവാണ്. ഇത് സംബന്ധിച്ച് റൂളിംഗ് നൽകണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ക്രമപ്രശ്നത്തിൽ ഉന്നയിച്ച വിഷയത്തിന്മേൽ ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളുടെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിൽ വീഴ്ചകളുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിയമസഭയുടെ മേശപ്പുറത്തുവയ്ക്കേണ്ട പെൻഡിംഗ് റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് എല്ലാ വകുപ്പ

സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വീഴ്ചകൾ വരാതിരിക്കാൻ ശക്തമായ നിലപാട് സ്വീകരിക്കുന്നതാണ്.

**റൂളിംഗ്**

മി. സ്പീക്കർ: ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുടെ അടിസ്ഥാനത്തിൽ വിവിധ സബ്ജക്റ്റ് കമ്മിറ്റികൾ സമർപ്പിക്കുന്ന റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിനെ സംബന്ധിക്കുന്ന രേഖകളും ഒരു വർഷത്തെ ബഡ്ജറ്റ് വിഹിതത്തിന്റെ ചെലവിന്മേലുള്ള വിവിധ വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും യഥാസമയം സഭയിൽ സമർപ്പിക്കണമെന്നത് നിർബന്ധമായ കാര്യം തന്നെയാണ്. ഇതുസംബന്ധിച്ച് ചെയറിൽനിന്ന് ഉണ്ടായ വ്യക്തമായ റൂളിംഗിന്റെകൂടി അടിസ്ഥാനത്തിൽ സർക്കാർ നടപടികൾ സ്വീകരിച്ചതായി മനസ്സിലാക്കുന്നു. ഒറ്റപ്പെട്ട കേസുകളിൽ കാലതാമസം ഉണ്ടാകുന്നു എന്നത് പരിഹരിക്കപ്പെടേണ്ടതുണ്ട്. ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ കൂടുതൽ ശക്തിപ്പെടുത്തണമെന്നും ഉത്തരവാദികളുടെമേൽ ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ട് കാലതാമസം ഒഴിവാക്കാൻ എല്ലാ വകുപ്പുകളും പരിശ്രമിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

## ധനസംബന്ധമായ ഉത്തരവാദിത്ത ബില്ലിന്റെ ലംഘനം

ധനസംബന്ധമായ ഉത്തരവാദിത്ത ബില്ലിന്റെ ലംഘനവുമായി ബന്ധപ്പെട്ട് ശ്രീ. എം. ഉമ്മർ ഫെബ്രുവരി 5-ാം തീയതി ഉന്നയിച്ച ക്രമപ്രശ്നത്തിന് ബന്ധപ്പെട്ട നിയമത്തിലെയോ ചട്ടങ്ങളിലെയോ യാതൊരു വ്യവസ്ഥയും സർക്കാർ ലംഘിച്ചിട്ടില്ലെന്നും കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടതുമൂലം വിശദീകരണക്കുറിപ്പോടുകൂടി അത് സമർപ്പിക്കുകയാണുണ്ടായതെന്നും മറ്റ് അപാകതകളോ നടപടി വ്യതിയാനങ്ങളോ ഉണ്ടായിട്ടില്ലെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയെ അറിയിച്ചുവെങ്കിലും ബഹുമാനപ്പെട്ട അംഗം ചട്ടലംഘനം നടന്നുവെന്ന് വീണ്ടും ആരോപിച്ച സാഹചര്യത്തിൽ പിന്നീട് റൂളിംഗ് നൽകുന്നതാണെന്ന് ചെയർ അറിയിച്ചിരുന്നു.

അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട നിയമവ്യവസ്ഥകൾ ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി.

2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത നിയമത്തിലെ 6-ാം വകുപ്പുപ്രകാരം സർക്കാർ രൂപീകരിക്കുന്ന പബ്ലിക് എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റി സംസ്ഥാനത്തിന്റെ മുൻവർഷത്തെ ചെലവിന്മേലുള്ള പുനഃപരിശോധന

സംബന്ധിച്ച ഒരു റിപ്പോർട്ട് എല്ലാ വർഷവും ഡിസംബർ 31-നോ അതിനുമുമ്പോ സർക്കാരിന് സമർപ്പിക്കേണ്ടതാണെന്ന് പറഞ്ഞിട്ടുണ്ട്. ഈ റിപ്പോർട്ട് ചട്ട പ്രകാരം സഭയിൽ സമർപ്പിക്കേണ്ട ഒരു സ്റ്റാറ്റ്യൂട്ടറി രേഖ അല്ലാത്തതിനാൽ സർക്കാരിന് ലഭിക്കുന്ന പ്രസ്തുത റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച് പ്രത്യേക മാനദണ്ഡമൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നിരുന്നാലും ധനമന്ത്രിമാരുടെ പ്രത്യേക അഭ്യർത്ഥന മാനിച്ച് പ്രസ്തുത റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചുവരുന്ന ഒരു കീഴ്‌വഴക്കമാണ് നമുക്കുള്ളത്.

നിശ്ചിത തീയതിക്കകമോ അല്ലെങ്കിൽ കാലതാമസ പത്രികയോടൊപ്പമോ സഭയുടെ മേശപ്പുറത്തുവയ്ക്കണമെന്ന് നിഷ്കർഷിക്കപ്പെട്ടിട്ടില്ലെങ്കിൽപ്പോലും കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ടുകൾ സർക്കാരിന് ലഭിക്കുകയും അതിന്മേലുള്ള സർക്കാർ നടപടി പൂർത്തീകരിക്കുകയും ചെയ്യുന്ന മുറയ്ക്ക് ധനമന്ത്രിമാരുടെ അഭ്യർത്ഥന മാനിച്ച് അവ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന കീഴ്‌വഴക്കപ്രകാരമാണ് ഈ വർഷവും സഭയിൽ സമർപ്പിച്ചത്. എന്നാൽ ഭരണപരമായ കാരണങ്ങളാൽ 2016-2017 വർഷത്തെ റിപ്പോർട്ടാണ് കാലതാമസ പത്രിക സഹിതം ഇത്തവണ സഭയുടെ മേശപ്പുറത്ത് വയ്ക്കപ്പെട്ടത്. തുടർന്നുള്ള വർഷങ്ങളിലേയും

സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടത് അഭികാമ്യമാണെങ്കിലും പ്രസ്തുത നടപടിയിൽ അസാധാരണമായ എന്തെങ്കിലും സംഭവിച്ചതായി ചെയറിന് കാണാൻ കഴിഞ്ഞില്ല. മാത്രമല്ല, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണം തൃപ്തികരവുമായിരുന്നു.

2017-2018 വർഷത്തെ സംബന്ധിക്കുന്ന റിപ്പോർട്ടും സമയബന്ധിതമായി ലഭിക്കേണ്ടത് അഭികാമ്യമാണെങ്കിലും നിയമപരമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതുവരെ അത് നിർവ്വാഹമില്ലാത്ത കാര്യമാണെന്ന് സുവ്യക്തമാണ്. ഇക്കാര്യത്തിൽ സാങ്കേതികമായും യുക്തിപരമായും നിലനിൽക്കാത്ത കാര്യങ്ങൾ ഉന്നയിക്കപ്പെട്ടത് ഖേദകരമാണ്.

ക്രമപ്രശ്നങ്ങൾ ഉന്നയിക്കുമ്പോൾ അവധാനതയോടെയും വസ്തുതകളുടെ അടിസ്ഥാനത്തിലും മാത്രം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. ശ്രീ. എം. ഉമ്മർ സഭയിൽ ഉന്നയിച്ച രണ്ട് ക്രമപ്രശ്നങ്ങളും പ്രഥമദൃഷ്ട്യാ നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

## VIII ധനകാര്യം

## 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട് - ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): "ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ നാലാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ മൂന്നാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2019-2020 സാമ്പത്തിക വർഷത്തിലെ ആദ്യത്തെ നാല് മാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണർക്ക് നൽകണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു".

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(സർവ്വശ്രീ വി. പി. സജീന്ദ്രൻ, കെ. സി. ജോസഫ്, പാറക്കൽ അബ്ദുള്ള, വി. ഡി. സതീശൻ, അനിൽ അക്കര, എം. ഉമ്മർ, റോജി എം. ജോൺ, സണ്ണി ജോസഫ്, അടൂർ പ്രകാശ് എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.)

ശ്രീ. എസ്. രാജേന്ദ്രൻ: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു.

ഇടുക്കി ജില്ലയ്ക്ക് 5000 കോടി രൂപയുടെ പ്രത്യേക പാക്കേജ് അനുവദിച്ചതും അർഹതപ്പെട്ട ജനവിഭാഗങ്ങൾക്ക് വർഷങ്ങൾക്കുശേഷം പട്ടയം നൽകാൻ സാധിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്. ഇടുക്കി ജില്ലയിലെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. രാഷ്ട്രീയത്തിനതീതമായി എല്ലാവരെയും സംരക്ഷിക്കാനുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ജനോപകാരപ്രദമായ യാതൊരു പദ്ധതികളും നടപ്പിലാക്കിയിരുന്നില്ല. അയ്യങ്കാളി സ്കൂൾ ഗവൺമെന്റ് ഏറ്റെടുത്തതും ക്ഷേമപെൻഷനുകൾ, ആശാവർക്കർമാരുടെ ഓണറേറിയം, സ്കൂളുകളിലെ പാചകത്തൊഴിലാളികളുടെ വേതനം എന്നിവ വർദ്ധിപ്പിച്ചതും ഗവൺമെന്റിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. യാഥാർത്ഥ്യബോധമില്ലാത്ത ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. പ്രളയബാധിതരെ സഹായിക്കുന്നതിനായി ബഡ്ജറ്റിൽ ഒന്നും പറഞ്ഞിട്ടില്ല. രണ്ടരവർഷത്തിനുള്ളിൽ സംസ്ഥാനത്തിന്റെ പൊതുകടം ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. കടം വാങ്ങി ധൂർത്തടിക്കുന്ന നിലപാടാണ് ഗവൺമെന്റ്

സ്വീകരിച്ചുവരുന്നത്. ലൈഫ് മിഷന്റെയും കിഫ്ബിയുടെയും പ്രവർത്തനങ്ങൾ പ്രതീക്ഷയ്ക്കൊത്ത് ഉയർന്നിട്ടില്ല. അപ്രായോഗികമായ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യിൽനിന്നും പിരിച്ചുവിടപ്പെട്ട ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ തയ്യാറാകണം.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. പ്രളയബാധിതരെ സഹായിക്കാനുതകുന്ന നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സുനാമി ദുരന്തബാധിതരുടെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുന്നതിനായി കർമ്മപദ്ധതി തയ്യാറാക്കുന്നതിനും തീരദേശമേഖലയുടെ സംരക്ഷണത്തിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സർക്കാർ മുൻകയ്യെടുക്കണം. ആലപ്പാട് മണ്ഡലത്തിന് പ്രത്യേക പരിഗണന നൽകുമെന്ന പ്രഖ്യാപനവും തകർന്ന കടൽഭിത്തികൾ പുനഃസ്ഥാപിക്കുന്നതിനും പുലിമുട്ടുകൾ നിർമ്മിക്കുന്നതിനും തീരദേശ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തൊഴിൽ സുരക്ഷയും വരുമാന വർദ്ധനവും ഉറപ്പുവരുത്തുന്നതിനും ഉതകുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. പൊതുവിതരണ മേഖല ശക്തിപ്പെടുത്തുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനും സാധിച്ചിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയിൽ ലഭ്യമാകത്തക്കരീതിയിൽ

സപ്ലൈകോയെ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയതിലൂടെ വിദ്യാഭ്യാസ/ആരോഗ്യ രംഗങ്ങളുടെ പ്രവർത്തനം മാതൃകാപരമാക്കുന്നതിനും കശുവണ്ടി മേഖലയിൽ നിലനിന്നിരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ്: സംസ്ഥാനത്ത് റബ്ബറിന്റെ വിലയിടിവിനെത്തുടർന്ന് പ്രതിസന്ധിയിലായ കർഷകർ മറ്റ് കൃഷികൾ ചെയ്യുന്ന സാഹചര്യമാണുള്ളത്. സംസ്ഥാനത്തെ ജനങ്ങളെ അനാരോഗ്യത്തിലേയ്ക്ക് നയിക്കുന്ന ഗുണനിലവാരമില്ലാത്ത അരി വിതരണം ചെയ്യുന്നത് അവസാനിപ്പിക്കുന്നതിനും റേഷൻ സംവിധാനത്തിൽ മാറ്റം വരുത്തുന്നതിനും ഗുണമേന്മയുള്ള അരി/ഡയബറ്റിസ് അരി ആന്ധ്രാപ്രദേശ് സംസ്ഥാനത്തുനിന്നും ഇറക്കുമതി ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. വി. വിജയദാസ്: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉയർത്തുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ട്. കാർഷിക മേഖലയുടെ ഉന്നമനത്തിനായി 2500 കോടി രൂപ വകയിരുത്തിയതിനുപുറമേ പാലക്കാട് ജില്ലയിലെ ജലസേചന പദ്ധതികളുടെ നടത്തിപ്പിനും റൈസ് പാർക്ക് സ്ഥാപിക്കുന്നതിനും തുക വകയിരുത്തിയത് അഭിനന്ദനാർഹമാണ്. കുരിയാർകുറ്റി-കാരപ്പാറ ജലവൈദ്യുത പദ്ധതി

യാഥാർത്ഥ്യമാകുന്നതിലൂടെ പാലക്കാട് ജില്ലയിൽ കൂടുതൽ നെൽകൃഷി വ്യാപിപ്പിക്കാനും വരൾച്ചയ്ക്ക് പരിഹാരമുണ്ടാക്കാനും സാധിക്കും. സംസ്ഥാനത്ത് കർഷക ആത്മഹത്യ ഇല്ലാതാക്കാനും പി.എസ്.സി. മുഖാന്തിരം ഒരു ലക്ഷംപേർക്ക് നിയമനം നൽകാനും 18000 പുതിയ തസ്തികകൾ സൃഷ്ടിക്കാനും കഴിഞ്ഞത് ശ്ലാഘനീയമാണ്.

<u>ശ്രീ. എം. മുകേഷ്</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് സ്ത്രീമുന്നേറ്റത്തിനുവേണ്ടിയും മതാന്ധകാരത്തിനെതിരെയും സർക്കാർ സംഘടിപ്പിച്ച വനിതാ മതിൽ അഭിമാനകരമാണ്. കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമായതും കൊല്ലം ബൈപ്പാസ് റോഡ് പൂർത്തീകരിച്ചതും അഭിനന്ദനാർഹമാണ്. 512 പദ്ധതികൾക്കായി 42000 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകാൻ കഴിഞ്ഞത് സർക്കാരിന്റെ നേട്ടമാണ്. കൊല്ലം കുടിവെള്ള പദ്ധതിക്ക് 230 കോടി രൂപയും ശ്രീനാരായണഗുരുദേവന്റെ നാമധേയത്തിലുള്ള നവോത്ഥാന പുരസ്കാര സമുച്ചയത്തിന് 45 കോടി രൂപയും പെരുമൺ പാലത്തിന്റെ നിർമ്മാണത്തിന് 45 കോടി രൂപയും അനുവദിച്ചത് സ്വാഗതാർഹമാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു.

ഭരണ-പ്രതിപക്ഷഭേദമെന്യേ എല്ലാ സാമാജികർക്കും ഒരുപോലെ ഫണ്ട് അലോക്കേറ്റ് ചെയ്യാൻ സാധിക്കണം. മാധ്യമ വിലക്ക് ഏർപ്പെടുത്തുന്നത് ശരിയായ നടപടിയല്ല. മടങ്ങിവരുന്ന പ്രവാസികൾക്ക് തൊഴിൽ കൊടുക്കാനും പുനരധിവാസത്തിനും പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കണം. പ്രവാസി ക്ഷേമനിധിയിൽനിന്നുള്ള പെൻഷൻ തുക 5000 രൂപയായി വർദ്ധിപ്പിക്കണം.

ശ്രീ. പി. വി. അൻവർ: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി എം.എൽ.എ.-മാർക്ക് കക്ഷി രാഷ്ട്രീയ ഭേദമെന്യേ തുക അനുവദിച്ചതിലൂടെ വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മുന്നേറ്റം കൈവരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ആരോഗ്യരംഗത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിഷ്ക്കാരങ്ങൾ കേരള ജനതയ്ക്ക് അനുഭവവേദ്യമായിക്കൊണ്ടിരിക്കുകയാണ്. പ്രളയ ദുരിതവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിൽ നിന്ന് പരിമിതമായ തുകയാണ് ലഭിച്ചത്. പ്രളയദുരിതത്തിൽ കഷ്ടതയനുഭവിക്കുന്നവർക്ക് സാലറി ചലഞ്ചിലൂടെ തുക

സമാഹരിക്കുന്നതിനും കോഴിക്കോട് വിമാനത്താവളത്തിൽ ഹജ്ജ് ടെർമിനൽ പുന:സ്ഥാപിക്കുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിച്ചു. അൻപത് ലക്ഷം സ്ത്രീകൾ പങ്കെടുത്ത വനിതാ മതിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ മികച്ച നേട്ടമാണ്.

ശ്രീ. കെ. രാജൻ: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ-ആരോഗ്യമേഖലകളിൽ മികച്ച മൂലധന നിക്ഷേപമാണ് നടത്തിയിരിക്കുന്നത്. തൃശ്ശൂരിലെ സുവോളജിക്കൽ പാർക്കിന് 295 കോടി രൂപ അനുവദിച്ചതും പ്രളയാനന്തര കേരളത്തിന്റെ പുന:സൃഷ്ടിക്കായി കാർഷിക മേഖലയിൽ ഏറ്റവും കൂടുതൽ തുക വിനിയോഗിക്കാൻ കഴിഞ്ഞതും സർക്കാരിന്റെ നേട്ടമാണ്. വയനാട്ടിലെ കാപ്പിപ്പൊടി "മലബാർ" എന്ന പേരിൽ ബ്രാൻഡ് ചെയ്ത് വിൽക്കുന്നതിനും സംയോജിത റൈസ് പാർക്കുകൾ ആരംഭിക്കുന്നതിനും റബ്ബർ പാർക്ക് യാഥാർത്ഥ്യമാക്കുന്നതിനും സ്വീകരിച്ച നടപടി സ്വാഗതാർഹമാണ്. മലയോര കാർഷിക മേഖലയിൽ അഭൂതപൂർവ്വമായ മാറ്റങ്ങളുണ്ടാക്കാൻ സാധിച്ചതും പട്ടയം വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചതും അഭിനന്ദനാർഹമാണ്. സ്ത്രീശാക്തീകരണ പദ്ധതികൾക്കായുള്ള ബഡ്ജറ്റ് അടങ്കൽ തുക 1420 കോടി രൂപയാക്കി വർദ്ധിപ്പിച്ചു. പൊതുവിദ്യാഭ്യാസ മേഖലയിൽ 45,000

ഹൈടെക് ക്ലാസ് മുറികൾ ആരംഭിക്കുകയും അക്കാഡമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്യതിലൂടെ വിദ്യാഭ്യാസ മേഖലയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ നടപടി സ്വീകരിച്ചു. വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി സിവിൽ സപ്ലൈസ് രംഗത്ത് ചലനാത്മകമായ മാറ്റമുണ്ടാക്കാനും ആരോഗ്യമേഖലയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് നൂതന പദ്ധതികൾ ആവിഷ്കരിക്കാനും സാധിച്ചു.

<u>ശ്രീ. സണ്ണി ജോസഫ്</u>: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. പ്രഖ്യാപനങ്ങൾ പ്രാവർത്തികമാക്കാൻ സാധിക്കാത്ത സർക്കാർ സമസ്ത മേഖലകളിലും പൂർണ്ണ പരാജയമാണ്. ധനപ്രതിസന്ധി രൂക്ഷമായതിനെത്തുടർന്ന് ഓൺ ലൈൻ ഗസറ്റ് വിജ്ഞാപനം നിലച്ചിരിക്കുകയാണ്. ഈയിനത്തിൽ സി.ഡിറ്റ്-ന് വൻതുക കുടിശ്ശികയുണ്ട്. റബ്ബർ മേഖലയിലുൾപ്പെടെ വിലത്തകർച്ചയെത്തുടർന്നുണ്ടായ കർഷക ആത്മഹത്യയും കാർഷിക പ്രതിസന്ധിയും പരിഹരിക്കാൻ പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. പ്രളയാനന്തര പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാനോ ദുരിതബാധിതർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം വിതരണം ചെയ്യാനോ സാധിച്ചിട്ടില്ല. പ്രളയദുരന്ത നിവാരണപ്രവർത്തനങ്ങളുടെ ഭാഗമായി കാർഷിക വായ്പകൾക്ക് മൊറട്ടോറിയവും കർഷകർക്ക് ആനുകൂല്യങ്ങളും നൽകുമെന്ന പ്രഖ്യാപനങ്ങളിന്മേൽ തുടർനടപടി സ്വീകരിക്കണം. വിളനാശവും

വിലത്തകർച്ചയും വന്യമൃഗശല്യവുംമൂലം കൃഷിക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ പദ്ധതികൾ ആവിഷ്കരിക്കണം. മലയോര വികസന ഏജൻസി പുനരുജ്ജീവിപ്പിക്കുന്നതിനും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കർഷകരുടെ കുടിശ്ശിക നൽകിയതും നാളികേര ഉത്പാദന വർദ്ധനവിന് വാർഡുതോറും തെങ്ങിൻതൈ വിതരണം ചെയ്തതും വികസന പ്രവർത്തനങ്ങൾക്കായി തുക അനുവദിച്ചതും സ്വാഗതാർഹമാണ്. കാർഷിക മേഖലയിലെ കേരള മെക്കാനിസം മിഷൻ രൂപീകരണം അഭിനന്ദനാർഹമാണ്. വിദ്യാഭ്യാസം, ആരോഗ്യം, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളിലെ പ്രവർത്തന മികവ് ശ്രദ്ധേയമാണ്.

<u>ശ്രീ. സി. എഫ്. തോമസ്</u>: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ട്രഷറി നിയന്ത്രണം ഒഴിവാക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഐ. ബി. സതീഷ്</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു.

കണ്ടല സ്കൂൾ ഹൈടെക് ആക്കുന്നതിന് തുക വകയിരുത്തിയത് അഭിനന്ദനാർഹമാണ്. ടെക്സ്റ്റൈൽ മേഖലയിലെ തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് നടപടി സ്വീകരിച്ചു. ട്രാൻസ്ജെൻഡർ സമൂഹത്തിന് അർഹിക്കുന്ന പരിഗണന ലഭ്യമാക്കാൻ സാധിച്ചതും ആദിവാസി കുടുംബത്തിലെ ഒരംഗത്തിനെങ്കിലും ജോലി എന്ന സർക്കാർ തീരുമാനവും അഭിനന്ദനാർഹമാണ്. നവകേരള നിർമ്മാണത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്തും പ്രകൃതി ചൂഷണത്തിനെതിരെ ശക്തമായ നടപടി സ്വീകരിച്ചും സ്ത്രീ ശാക്തീകരണത്തിന് സഹായകരമാകുന്ന സമീപനം സ്വീകരിച്ചുകൊണ്ടുമാണ് സർക്കാർ മുന്നോട്ട് പോകുന്നത്.

ശ്രീ. പി. കെ. ബഷീർ: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ച പദ്ധതികളിൽ പലതും പ്രാവർത്തികമാക്കാൻ സാധിച്ചില്ല. ആദിവാസികളുടെ ക്ഷേമത്തിനുള്ള പദ്ധതിയുൾപ്പെടെ പല പദ്ധതികൾക്കുമനുവദിച്ച ഫണ്ടുകൾ വെട്ടിക്കുറയ്ക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ഹൈ സ്പീഡ് റെയിൽ കോറിഡോർ പദ്ധതി നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കണം. ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്താനും ലൈഫ് ഭവന പദ്ധതിയുടെ രണ്ടാം ഗഡു വിതരണം ചെയ്യാനും നടപടി സ്വീകരിക്കണം. നവോത്ഥാനം എന്ന വാക്കിനെ

വികലമാക്കുന്ന പ്രവർത്തനങ്ങളിൽ നിന്ന് പിൻമാറണം. സർക്കാർ ജീവനക്കാരുടെ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. ശശീന്ദ്രൻ: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. പ്രളയാനന്തര കേരളത്തെ പുനർസൃഷ്ടിക്കുന്നതിന് ഉതകുന്ന പദ്ധതികൾ ഉൾപ്പെടുന്ന ബഡ്ജറ്റിനെ സ്വാഗതം ചെയ്യുകയാണ്. കേരളത്തിന് അർഹതപ്പെട്ട സഹായം നിഷേധിക്കുന്ന കേന്ദ്ര സർക്കാർ നയം പ്രതിഷേധാർഹമാണ്. സാലറി ചലഞ്ച് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ പ്രതിപക്ഷത്തിന്റെ നിസ്സഹകരണ നിലപാടുകളെ അതിജീവിച്ചുകൊണ്ട് നവകേരള നിർമ്മിതിക്കായി 25 പദ്ധതികളാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് പൊതുവിദ്യാഭ്യാസ രംഗത്തെ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചത്. കിഫ്ബിയെക്കുറിച്ചുള്ള പ്രചരണങ്ങൾ അടിസ്ഥാനരഹിതമാണ്. കൽപ്പറ്റ മണ്ഡലത്തിൽ 268.11 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് കിഫ്ബിയിലൂടെ ആരംഭിച്ചിരിക്കുന്നത്. വയനാട് ജില്ലയിൽ 7525 വീടുകൾ ലൈഫ് പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിക്കുകയും പ്രളയാനന്തര ഭവനനിർമ്മാണത്തിന്റെ ഭാഗമായി 248 വീടുകൾക്കുള്ള ഒന്നാം

ഗഡു ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. പ്രളയബാധിത പ്രദേശങ്ങളിൽ പാരിസ്ഥിതിക ആഘാതപഠനം പൂർത്തിയാക്കി ഭവനനിർമ്മാണത്തിനുള്ള ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കണം. വയനാട്ടിലെ കാപ്പിപ്പൊടി 'മലബാർ' എന്ന പേരിൽ ബ്രാന്റ് ചെയ്ത് വിൽക്കുന്നതിനുള്ള പദ്ധതി കാപ്പി കർഷകർക്ക് ഏറെ ആശ്വാസകരമാണ്. പ്രതീക്ഷാനിർഭരമായ ബഡ്ജറ്റാണ് സർക്കാർ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കഴിഞ്ഞകാല ഗവൺമെന്റുകളുടെ ഭരണ നേട്ടങ്ങൾ ഈ സർക്കാരിന്റെ ഭരണമികവാണെന്നുള്ള അവകാശവാദമാണ് ഉന്നയിക്കുന്നത്. യാഥാർത്ഥ്യബോധത്തോട് നീതിപുലർത്താൻ കഴിയാത്ത നയങ്ങളും നിലപാടുകളുമാണ് ബഡ്ജറ്റിലുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സംസ്ഥാനത്തിന്റെ പൊതുകടം വലിയൊരു സാമ്പത്തിക ബാധ്യതയായി മാറുമെന്ന പ്രതിപക്ഷ ആരോപണം അടിസ്ഥാനരഹിതമാണ്. കടബാധ്യത ജി.ഡി.പി.-യുടെ മുപ്പത് ശതമാനമാനമായും പലിശബാധ്യത മൊത്തം റവന്യൂ ചെലവിന്റെ 12/13 ശതമാനമായും നിലനിർത്താനും സാധിക്കുന്നുണ്ട്. കിഫ്ബി മുഖേന നടപ്പാക്കുന്ന

റോഡുകളുടെ സാങ്കേതികത പരിശോധിച്ച് ബഡ്ജറ്റിലുൾപ്പെടുത്തി ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്. ലൈഫ് മിഷന്റെ ഭാഗമായി എസ്.സി., എസ്.ടി., മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്കടക്കം ഒന്നേകാൽ ലക്ഷത്തോളം വീടുകൾ നിർമ്മിക്കുന്നതിന് ഒന്നാം ഗഡു കൈമാറുകയും വീടുകൾ നിർമ്മാണഘട്ടത്തിലുമാണ്. ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ പല മേഖലകളിലും വിസ്മയകരമായ മാറ്റങ്ങൾക്ക് വഴി തെളിയിച്ചിരിക്കുകയാണ്. സർക്കാരിന്റെ പുതിയ പാക്കേജിന്റെ ഫലമായി കശുവണ്ടി മേഖലയിൽ പൂട്ടിക്കിടന്ന ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നതിനുള്ള സാഹചര്യമൊരുങ്ങിയിരിക്കുകയാണ്. ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതാണ്. അന്തർദ്ദേശീയ നിലവാരത്തിലുള്ള റൈസ് പാർക്കുകളുടെ നിർമ്മാണം നെൽകൃഷിയുടെ വിസ്തൃതി വർദ്ധിക്കുന്നതിന് സാഹചര്യമൊരുക്കും. ആറളം ഫാമുമായി ബന്ധപ്പെട്ട് ഇന്റർനാഷണൽ യോഗ അക്കാദമി ആരംഭിക്കുന്നതാണ്. പശ്ചാത്തലസൗകര്യങ്ങൾക്കായി മുതൽ മുടക്കുന്നതിനോടൊപ്പം സാമൂഹ്യസുരക്ഷിതത്വത്തിനും സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്നതിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള വികസനനയമാണ്

സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കണമെന്ന പ്രമേയം 25-നെതിരെ 76 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 3.59-ന് പിരിഞ്ഞു.)